**Deepika**

**27 August 2018**

**Thiruvananthapuram; After Flood, Recuse operation, Relief camp**



# രക്ഷാപ്രവർത്തനം അവസാനഘട്ടത്തിൽ

## ദുരിതാശ്വാസ ക്യാമ്പുകളിൽ 7,24,649 പേർ

സ്വന്തം ലേഖകൻ

**തിരുവനന്തപുരം:** പ്രളയക്കെടുതിയിൽ കുരുങ്ങിക്കിടക്കുന്ന ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചു കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഇനി ദുരിതാശ്വാസത്തിലാണ് ശ്രദ്ധയൂന്നേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായും മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ അറിയിച്ചു.

സംസ്ഥാനത്ത് 5645 ദുരിതാശ്വാസ ക്യാമ്പുകളിലായി 7,24,649 പേരാണ് താമസിക്കുന്നത്. ദുരിതാശ്വാസ ക്യാമ്പുകളിൽ അവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നിർദേശം നൽകി. എല്ലാ ക്യാമ്പുകളിലും വനിതാ പോലീസ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കും. ക്യാമ്പുകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനൊപ്പം ജനങ്ങളെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്ന പദ്ധതിക്കാണ് അടുത്ത ഘട്ടത്തിൽ ഊന്നൽ നൽകാൻ പോകുന്നത്. അതോടൊപ്പം തന്നെ ഏതെങ്കിലും പ്രദേശത്ത് കുരുങ്ങിക്കിടക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരെ രക്ഷപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുകയും ചെയ്യും.

ജനങ്ങൾക്കു വീടുകളിലേക്കു തിരിച്ചുപോകണമെങ്കിൽ ആവശ്യമായ സൗകര്യങ്ങൾ അവിടെ ഉറപ്പുവരുത്തേണ്ടതുണ്ട്. വെള്ളം, വൈദ്യുതി, ഭക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ശുദ്ധജലം ലഭ്യമാക്കുന്നതിന് മലിനീകരിക്കപ്പെട്ട ജലസ്രോതസുകൾ ശുദ്ധീകരിക്കാനുള്ള നടപടികൾ ആരംഭിക്കും. ശുദ്ധജല പൈപ്പുകൾ എവിടെയെങ്കിലും മുറിഞ്ഞുപോയിട്ടുണ്ടെങ്കിൽ അവ സാധാരണ ഗതിയിലാക്കുന്നതിനുള്ള നടപടികൾ നേരത്തേ തന്നെ തുടങ്ങിയിട്ടുണ്ടെങ്കിലും അത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദേശം നൽകി.

പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഏറെ സഹായം നൽകാവുന്ന സംഘടനയാണു റസിഡന്റ്സ് അസോസിയേഷനുകൾ. ഇവരുടെ കാര്യക്ഷമമായ പങ്കാളിത്തം ഇക്കാര്യത്തിൽ സർക്കാർ പ്രതീക്ഷിക്കുന്നുണ്ട്. ഇവരുമായി ചേർന്നുകൊണ്ട് പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യും- മുഖ്യമന്ത്രി പറഞ്ഞു.